പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2615 **28-10-2026-ൽ മറുപടിയ്ക്ക്**

നെല്ലിയാമ്പതിയിലെ കെ.എഫ്.ഡി.സി.യുടെ ഇക്കോ ടൂറിസം വികസന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായ നെല്ലിയാമ്പതിയിൽ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ(കെ.എഫ്.ഡി.സി.) കീഴിൽ നിലവിൽ നടപ്പിലാക്കിവരുന്ന ഇക്കോ ടൂറിസം പദ്ധതികളും പ്രവർത്തനങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കെ.എഫ്.ഡി.സി-യുടെ നെല്ലിയാമ്പതി പകൃതിപ്പാലം ഇക്കോ ടൂറിസം സെന്ററിൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.ഡി.സിയുടെ പക്കലുള്ള ശാന്തമായ താമസസൗകര്യം, ഗൈഡ് ട്രക്കിംഗ്, ജീപ്പ് സഫാരി, പക്ഷിനിരീക്ഷണം, പരമ്പരാഗത ഏലത്തോട്ടങ്ങളുടെ സന്ദർശനം, ക്യാമ്പ് ഫയർ, പരിചയസമ്പന്നനായ ഒരു ഗൈഡിന്റെ സേവനം എന്നിവ നൽകി വരുന്നു. പ്രകൃതിയെ ബാധിക്കാത്ത രീതിയിലുള്ള 'പ്രീമിയം ബയോഡൈവേഴ്സിറ്റി എക്സിപീരിയൻസിന്' പ്രാധാന്യം നൽകുന്നു. കെ.എഫ്.ഡി.സിയുടെ ഔദ്യോഗിക ടൂറിസം പോർട്ടൽ വഴി പൂർണ്ണ വിവരങ്ങളും ഓൺലൈൻ ബുക്കിംഗ് സൗകര്യവും ഒരുക്കിയിട്ടുണ്ട്.

കൂടാതെ, കുടുംബങ്ങൾക്കും ചെറുസംഘങ്ങൾക്കും പ്രകൃതിയുടെ ശാന്തത ആസ്വദിക്കുന്നതിനായി അഞ്ച് പേർക്ക് താമസിക്കാവുന്ന രണ്ട് മുറികളും, രണ്ട് പേർക്ക് താമസിക്കാവുന്ന 4 ടെന്റുകളും ടൂറിസ്റ്റുകൾക്കായി ഒരുക്കിയിട്ടുണ്ട്.

(ബി) നെല്ലിയാമ്പതിയിലെ കെ.എഫ്.ഡി.സി.യുടെ അധീനതയിലുള്ള കോട്ടേജുകൾ, ഡോർമിറ്ററികൾ, മറ്റ് താമസസൗകര്യങ്ങൾ എന്നിവ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി പ്രീമിയം നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: KFDC ഗവിയിലും, സൂര്യനെല്ലിയിലും ആരംഭിച്ചിട്ടുള്ള SHOLA, Workation മാതൃകയിലുള്ള പദ്ധതികൾ നെല്ലിയാമ്പതിയിലെ കെ.എഫ്.ഡി.സിയുടെ ആഭിമുഖ്യത്തിലുള്ള ഇക്കോടൂറിസം കേന്ദ്രത്തിലും ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ പോഡുകൾ, ടെന്റുകൾ എന്നിവ കൂടുതൽ ആകർഷകവും ആധുനികവുമാക്കി വികസിപ്പിക്കുന്നതിനും ഡോം ടെന്റുകൾക്ക് പകരമായി ആധുനിക നിലവാരത്തിൽ അറ്റാച്ച്ഡ് ബാത്ത്റൂം ഉള്ളവ സ്ഥാപിക്കുന്നതിനും വൈദ്യുതി പൂർണ്ണമായി സൗരോർജ്ജത്തിലേക്ക് മാറ്റുന്ന കാര്യവും ആലോചനയിലുണ്ട്

(സി) നിലവിലെ കെട്ടിടങ്ങളുടെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം, പ്രകൃതിസൗഹൃദ ടെക്കിംഗ് പാതകൾ, അഡ്വഞ്ചർ ടൂറിസം സാധ്യതകൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി കെ.എഫ്.ഡി.സി. പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: നെല്ലിയാമ്പതിയിലെ പകൃതിപ്പാലത്തുള്ള സ്റ്റാഫ് കെട്ടിടം, പകൃതിപ്പാലം എസ്റ്റേറ്റിലെ തൊഴിലാളി ലയങ്ങൾ എന്നിവയുടെ നവീകരണത്തിനായുള്ള എസ്റ്റിമേറ്റ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തയ്യാറാക്കി നൽകിയിട്ടുണ്ട്. MLA ഫണ്ടിൽ ഉൾപ്പെടുത്തി ലയങ്ങൾ നന്നാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പ്രകൃതിസൗഹൃദ ടക്കിംഗ് പാതകൾ, അഡ്വഞ്ചർ ടൂറിസം സാധ്യതകൾ എന്നിവ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ